## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *80 05.02.2020-ൽ മറുപടിക്ക്

## പട്ടിക ഗോത്രവർഗക്കാരുടെ സമഗ്ര ആരോഗ്യ പരിരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>,, പുരുഷൻ കടലുണ്ടി<br>,, പി.വി. അൻവർ<br>,, കെ. ആൻസലൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക ഗോത്രവർഗക്കാർക്കിടയിലെ മാതൃ-ശിശു മരണ നിരക്ക് കുറച്ചുകൊണ്ടു വരുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ; | എ) | പട്ടിക ഗോത്രവർഗ്ഗക്കാർക്കിടയിലെ മാതൃ-ശിശു മരണ നിരക്ക് കുറച്ചു കൊണ്ടുവരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി "ജനനീ-ജന്മരക്ഷാ" പദ്ധതി നടപ്പിലാക്കി വരുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസ ധനസഹായം നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രതിമാസ ധനസഹായം 1000/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിച്ചു. ഇതുവരെ 38140 പേർക്കായി 53.23 കോടി രൂപ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.<br>• വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി; ഓണക്കാലത്ത് ഓണക്കിറ്റ് വിതരണം എന്നിവ നടപ്പിലാക്കുന്നു. ഈ സാമ്പത്തിക വർഷം 25 കോടി രൂപ ഇതിനായി വകയിരുത്തി. ഭക്ഷ്യ സഹായ പദ്ധതിയുടെ ആനുകൂല്യം 80,606 പേർക്ക് ലഭിച്ചു. 1,60,090 പേർക്ക് ഓണക്കിറ്റ് വിതരണം നടത്തി.<br>• സാമൂഹ്യ നീതി വകുപ്പിനു കീഴിൽ അംഗൻവാടി മുഖേന ഗർഭിണികൾക്കും, കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, |

| | | | |
|---|---|---|---|
| | | | മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സഫല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകാഹാര അപര്യാപ്തത ഉള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടത്തി വരുന്നു. കുട്ടികൾക്കായി "അമൃതം" ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.<br>• ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്നുള്ള യോജിച്ച പ്രവർത്തനത്തിലൂടെ 2019-ൽ ശിശുമരണം 7 ആയി കുറയ്ക്കാൻ കഴിഞ്ഞു. 2013-ൽ 31 ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ടായിരുന്നു. കൂടാതെ അബോർഷൻ കേസുകൾ 77-ൽ നിന്ന് 21 ആയും ഗർഭസ്ഥ ശിശുമരണം 18-ൽ നിന്ന് 2 ആയും ഹോം ഡെലിവറി 64-ൽ നിന്ന് 3 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും പോഷകാഹാരക്കുറവും പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | ബി) | • സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും, ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി പ്രകാരം 1,02,000 പേർക്കായി ആകെ 91.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 17.46 കോടി രൂപ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 55981 പേർക്ക് ചികിത്സാ ധനസഹായമായാണ് അനുവദിച്ചിട്ടുള്ളത്.<br>• പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും, ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും, |

| | | | |
|---|---|---|---|
| | | | 4 ANM (Auxiliary Nurse & Midwifery Centre) സെന്ററുകളും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് KMSCL (Kerala Medical Services Corporation Ltd.) കീഴിൽ വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 812.71 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br>• മെഡിക്കൽ കോളേജുകളിലും, ജില്ലാ-താലൂക്ക് ആശുപത്രികളിലുമായി 140 പട്ടികവർഗ്ഗ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നു.<br>• സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനസഹായം 2000/- രൂപയിൽ നിന്നും 2500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2838 പേർക്ക് 7.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>• അട്ടപ്പാടിയിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും 22.21 കോടി രൂപ ചെലവഴിച്ച് പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കുന്നു.<br>• അട്ടപ്പാടി മേഖലയിൽ പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC-കൾ (Nutrition Rehabilitation Centre) പ്രവർത്തിക്കുന്നു.<br>• അട്ടപ്പാടിയിൽ കൃഷി വകുപ്പുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 6.87 കോടി രൂപ ചെലവഴിച്ച് മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നു.<br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ |

| | | | |
|---|---|---|---|
| | | | സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1.81 കോടി രൂപ അനുവദിച്ചു. കൂടാതെ ഈ ആശുപത്രിയിൽ പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>• അട്ടപ്പാടിയിലെ പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിനു കീഴിൽ പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുമായി ചേർന്ന് 12.50 കോടി രൂപ ചെലവിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ലബോറട്ടറി ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ എന്നിവ ഇ.എം.എസ് സഹകരണ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നു. |
| സി) | പട്ടിക ഗോത്രവർഗക്കാരുടെ, വിശേഷിച്ച് വനത്തിനുള്ളിൽ വസിക്കുന്ന പ്രാക്തന ഗോത്രവർഗക്കാരുടെ സമഗ്ര ആരോഗ്യ പരിരക്ഷക്കായി ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ? | സി) | • സംസ്ഥാനത്തെ ഇരുപത്തി ആറായിരത്തോളം വരുന്ന പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാരായ കാടർ, കുറുമ്പർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കും വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി പദ്ധതിയിൽ ഈ വിഭാഗത്തിന്റെ ആരോഗ്യ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മാത്രമായി 20,94,32,329/- രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ഹെൽത്ത് വോളന്റിയർമാരുടെ സേവനം, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br>• കൂടാതെ വർഷാവർഷം അടിയ-പണിയ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വനപ്രദേശത്തുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടിക വർഗ്ഗക്കാർക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ |

| | | | |
|---|---|---|---|
| | | | ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ പ്രയോജനം യഥാസമയം ലഭ്യമാകുന്നുണ്ട്. വകുപ്പിന് കീഴിലുള്ള 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനത്തിൽ വനത്തിനുള്ളിലുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന കോളനികൾക്ക് പ്രാമുഖ്യം നൽകുന്നു. |

**സെക്ഷൻ ഓഫീസർ**